(ബി) പുറപ്പെടുവിച്ചിട്ടില്ല ; എന്നാൽ 20-2-1983-ലെ ജി.ഒ. (എം.എസ്.) 205/83/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(സി & ഡി) സർക്കാർ പരിശോധനയിലാണ്.

റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

12 (1951) ശ്രീ. റ്റി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ജില്ലകളിലും റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) തൃശൂർ ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിനുവേണ്ടി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ജില്ലാ വിദഗ്ദ്ധ സമിതിയുടെ ഏതെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഡി) മണൽ വാരൽമൂലം പുഴയോരങ്ങളെ മണ്ണിടിച്ചിലിൽ നിന്നും സംരക്ഷിക്കുവാൻ ഈ ഫണ്ട് ഉപയോഗിക്കുവാൻ കഴിയുമോ ;

(ഇ) എങ്കിൽ, പ്രസ്തുത പുഴയോരങ്ങൾ സംരക്ഷിക്കുന്നതിനായി പ്രസ്തുത ഫണ്ട് ഉപയോഗിക്കുവാൻ അടിയന്തിരമായി അനുമതി നൽകാമോ ?

ഉത്തരം

(എ) ഓരോ ജില്ലയ്ക്കും പ്രത്യേക മാനദണ്ഡം ഇല്ല. പൊതുവായി റിവർമാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയുടെ നദീതീര സംരക്ഷണ പദ്ധതി പ്രകാരം സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റിൽ അപാകതകൾ കണ്ടതിനാൽ അത് പരിഹരിച്ച് തിരിച്ചയയ്ക്കുന്നതിനായി തൃശൂർ ജില്ലാ കളക്ടർക്ക് തിരിച്ച് അയച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കഴിയും.

(ഇ) നദീതീരങ്ങളുടെ ജൈവഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിന് നദീതീര വികസന പദ്ധതി തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി അയയ്ക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് ആവശ്യമായ ചെലവ് റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നത്. അനുമതിക്കായി ലഭിക്കുന്ന നദീതീര വികസന പദ്ധതികൾ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ തീർപ്പാക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly